# ഞെരിയുന്നതെന്തേടോ... ഭീമാ...?

**സി. ആർ. നീലകണ്ഠൻ നമ്പൂതിരി**

മൂലധന ഉടമകളെന്നു വിശേഷിപ്പിക്കപ്പെടുന്ന ആഗോളമുതലാളിത്തത്തിനും കാൽ വഴുതുന്നു. ലോകത്തിൽ എതിരില്ലാത്ത ആധിപത്യമുണ്ടായിട്ടും 'അമേരിക്കൻ മാതൃക' ശരിയല്ലെന്ന് ലോകത്തിന്റെ പല ഭാഗത്തുമുള്ളവർ (അന്നാട്ടിലടക്കം)ഇപ്പോൾ പറഞ്ഞുതുടങ്ങുകയാണ്. ലോകത്തിൽ ഏറ്റവും ശക്തമായതും ഈ തലമുറയിൽ ഏറ്റവും ആരോഗ്യമുള്ളതുമായ സമ്പദ്‌വ്യവസ്ഥയെന്ന് ക്ലിന്റനും ബുഷും അഭിമാനത്തോടെ പറഞ്ഞിരുന്ന നാട്ടിലെ ആയിരത്തോളം വൻകിടസ്ഥാപനങ്ങൾ പാപ്പരായിരിക്കുകയാണ്. മൂന്നുനാല് വർഷത്തിനിടയിലുണ്ടായതാണ് ഇത്. കഴിഞ്ഞ വർഷം മാത്രം ഇരുനൂറ്റിയമ്പത്തിയഞ്ച് ഭീമൻ കമ്പനികൾ പാപ്പരായി. അവരുടെ 26000 കോടി ഡോളറിന്റെ ആസ്തി കോടതിവിധി കാത്തുകിടക്കുകയാണ്. ഈ വർഷം ഇതിനകം നൂറ്റിപ്പതിമൂന്ന് കമ്പനികൾ (14,930 കോടി ഡോളർ) പാപ്പരായിട്ടുണ്ട്.

**തകർച്ച വിശ്വാസ്യതയിൽ**

കമ്പനികൾ ഇതിനുമുമ്പും തകർന്നിട്ടുണ്ടെങ്കിലും ഇത്തവണത്തേതിന്റെ വലുപ്പം വളരെ കൂടുതലാണ്. ഓരോന്നും നൂറുകണക്കിനും ആയിരക്കണക്കിനും കോടി ഡോളറിന്റെ ഉടമകളാണ്. കമ്പോളത്തിന്റെ തകർച്ചയോ യുദ്ധമോ അതുപോലുള്ള ഭൗതികകാരണങ്ങളോ ആണ് ഇതിനുമുമ്പത്തെ തകർച്ചകളുടെ കാരണമെങ്കിൽ ഇത്തവണ സ്ഥിതി വ്യത്യസ്തമാണ്. ഓഹരിയുടമകളേയും മറ്റും ജനങ്ങളേയും സർക്കാരിനേയും വഞ്ചിക്കുന്നതിന് യാതൊരു മടിയുമില്ലായെന്നും ഓഹരിവില ഉയർത്തി പൊതുപണം തട്ടിയെടുക്കുന്നതിന് ഒരു വിധ തത്വദീക്ഷകളും പാലിക്കേണ്ടതില്ലെന്നും എല്ലാ സ്ഥാപനങ്ങളും തുറന്ന് പ്രഖ്യാപിച്ചതിന്റെ ഫലമാണ് ഈ തകർച്ച. നഷ്ടങ്ങൾ മറച്ചുവച്ചു(ചിലർ കണക്കിൽ ചേർക്കാൻ മറന്നുപോയത്രെ!) നഷ്ടത്തുക മറ്റൊരു കമ്പനിക്കു വായ്പ നൽകിയതായി കണക്കുണ്ടാക്കി, പ്രവർത്തനചിലവുകൾ (ശമ്പളവും മറ്റും) മൂലധനനിക്ഷേപമായി കണക്കിലെഴുതി, കമ്പനി തകരുമെന്ന് മുൻകൂട്ടി അറിയാവുന്ന ഡയറക്ടർമാർ അതു മറച്ചുവച്ചത് തങ്ങളുടെ ഓഹരികൾ ഉയർന്നവിലക്കു വിറ്റ് പണം തട്ടിച്ചു വായ്പകൾ വാങ്ങിയതു മറച്ചുവച്ച് കടലാസ്സ്കമ്പനികൾ സൃഷ്ടിച്ച് പണം തട്ടി. ചിലർ കണക്കിൽ വെട്ടിപ്പുനടത്തി ലാഭം കാട്ടി തൊഴിലാളികളുടെ പെൻഷൻ ഫണ്ട് വരെ തിരിമറി നടത്തി കമ്പോളത്തിൽ ഇറക്കി തട്ടിയെടുത്തു. സി. ഇ. ഒ. മാർ(തലവന്മാർ) ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി വൻതുകകൾ എഴുതിയെടുത്തു. ചിലസർ വായ്പയെടുത്തു. ഇങ്ങനെ നാട്ടിലെ ഒരു കൂട്ടുകമ്പനിയിൽ പോലും ഒരിക്കലുമില്ലാത്തത്ര തട്ടിപ്പുകൾ ഇവർ നടത്തി.

ഡോട്കോം, എൻറോൺ, അഡൽഫി കമ്മ്യൂണിക്കേഷൻ(അമേരിക്കയിലെ ആറാമത്തെ കേബിൾ ടി. വി. കമ്പനി), മെറിൽ ലിഞ്ച്(ഓഹരി വ്യാപാര കമ്പനി), ഗ്ലോബൽ ക്രോസിങ്ങ്(ടെലികോം), ലൂസ്നെറ്റ് ടെക്നോളജി (ടെൽകോം), പെർഗ്രെയിൻസിസ്റ്റംസ്(ഡോട് കോം), കെ-മാർട്ട്(അമേരിക്കയിലെ ഏറ്റവും വലിയ സൂപ്പർമാർക്കറ്റിന്റെ ശൃംഖല), ഡ്യൂക്ക് എനർജി, ഡിനർജി(രണ്ടും ഊർജ്ജവ്യാപാരം), കമ്പ്യൂട്ടർ അസോസിയേറ്റ്സ്, ഇംക്ലോൺസിസ്റ്റംസ്(മരുന്നുകമ്പനി) തുടങ്ങി ലോകത്തിലെ തന്നെ വലിയ സ്ഥാപനങ്ങളായ വേൾഡ്കോം(ടെലഫോൺ ഭീമൻ), സിറോക്സ്(ഫോട്ടോ കോപ്പി യന്ത്രങ്ങൾ) തുടങ്ങിയ കമ്പനികളെല്ലാം ഇന്ന് വിശ്വാസ്യത നഷ്ടപ്പെട്ടവയിൽ പെടുന്നു.

'സുതാര്യമായ പ്രവർത്തനശൈലിയും സ്വയം നിയന്ത്രണങ്ങളും' കൊണ്ട് തന്നത്താൻ വളരുമെന്നതിനു തെളിവായി പത്തുവർഷക്കാലം ഉയർത്തിക്കാട്ടിയ സ്ഥാപനങ്ങളാണിവയെല്ലാം. ഈ കമ്പനികളുടെ കണക്കുകളും പ്രവർത്തനങ്ങളും പരിശോധിച്ച് സാക്ഷ്യപ്പെടുത്താൻ അവിടെ സ്വകാര്യ ഓഡിറ്റിങ്ങ് കമ്പനികളെയാണ് ചുമതലപ്പെടുത്തിയിരുന്നത്. പൊതുവേ സ്വീകാര്യമായ അക്കൗണ്ടിംഗ് തത്വങ്ങൾ (ജി. എ. എ. പി) അനുസരിച്ച് പരിശോധന നടത്തലാണിവരുടെ ചുമതല. എന്നാൽ ഈ തട്ടിപ്പുകൾക്കെല്ലാം കൂട്ടുനിന്നത് ഈ ഓഡിറ്റിങ്ങ് കമ്പനികളാണെന്നതാണ് ഈ സംവിധാനത്തിന്റെ വിശ്വാസ്യതയാകെ തകർത്തത്. നാലും അഞ്ചും വർഷമായി ഇവർ പരിശോധിച്ചംഗീകരിച്ച കണക്കുകളിലാണ് ഈ വൻതട്ടിപ്പു നടന്നതായി കണ്ടെത്തിയത്. 1929ലെ 'മഹാതകർച്ച'യിൽ നിന്നും ഇന്നത്തെ പതനത്തെ വ്യത്യസ്തമാക്കുന്നതും ഇതുതന്നെ. എൻറോണിന്റെ തട്ടിപ്പുകൾക്കു കൂട്ടുനിന്ന ആർതർ ആന്റേഴ്സൺ എന്ന ഓഡിറ്റിങ്ങ് കമ്പനിയാണ് ആദ്യം പിടിക്കപ്പെട്ടത്. ഓഡിറ്റിങ്ങ് ഫീസിനു പുറമേ അതിന്റെ പലമടങ്ങുവരുന്ന പണം 'കൺസൽട്ടേഷൻ' തുടങ്ങിയ പേരുകളിൽ ഈ പരിശോധക കമ്പനികൾക്കു നൽകിക്കൊണ്ടാണ് തട്ടിപ്പുകൾ മറച്ചുപിടിക്കാൻ അവരെ നിർബന്ധിച്ചത്. 'പണം കിട്ടിയാൽ എന്തും ചെയ്യാൻ തയ്യാറാകുന്ന സ്വതന്ത്ര മത്സരാധിഷ്ഠിത കമ്പോളവ്യവസ്ഥ'യിലുള്ള വിശ്വാസം തന്നെയാണ് ഇതിലൂടെ തകർന്നടിഞ്ഞിരിക്കുന്നത്.

**ലാഭം മാത്രം**

ഇത് സ്വാഭാവിക പരിണാമം തന്നെയാണ്. നീതി, സദാചാരം, ധാർമ്മികമൂല്യങ്ങൾ, മനുഷ്യത്വം, സത്യസന്ധത, ആർജവം മുതലായവയെല്ലാം ലാഭം കിട്ടുന്നതിനു തടസമാണെങ്കിൽ പിന്നെ അവ പരിഗണിക്കേണ്ടതില്ലല്ലോ. അൽപ്പം സർക്കാർ നിയന്ത്രണങ്ങളും പങ്കാളിത്തവും വേണമെന്നു വിശ്വസിക്കുന്ന യൂറോപ്പിലെ മുതലാളിത്തത്തെ 'അലസവളർച്ച'യുള്ളതെന്നും പഴഞ്ചനെന്നും വിളിച്ച് അമേരിക്കക്കാർ ആക്ഷേപിച്ചു. 'കോർപറേറ്റ് ഭരണവ്യവസ്ഥ'യെന്ന് അമേരിക്ക കൊട്ടിയാഘോഷിച്ചിരുന്നത്, മൂന്നാംലോകത്തെ മാത്രമല്ല സ്വന്തം ജനതയെക്കൂടി വഞ്ചിക്കുന്ന 'ആഗോള കൊള്ള വ്യവസ്ഥ'യാണെന്നാണിതു കാണിക്കുന്നത്. ഇന്ത്യയിലും ഇതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. ഹർഷദ് മേത്ത, കേതൻ പരേഖ്, ഷാ, യു. ടി. ഐ തുടങ്ങി റിലയൻസ് വരെയുള്ളവ കാണിക്കുന്നത്.

**അനന്തവളർച്ച**

അനന്തവളർച്ചയെന്നത് പ്രകൃതിനിയമത്തിനു വിരുദ്ധമാണെന്ന സത്യം ഇവർ കണ്ടില്ല. മനുഷ്യനേയും പ്രകൃതിയേയും അതിന്റെ നിയമങ്ങളേയും അവഗണിച്ചുകൊണ്ടു നടത്തിയ കതിച്ചുചാട്ടം തന്നെയാണ് ഈ പതനത്തിനു കാരണം. ഇപ്പോഴിത് പുത്തൻവ്യവസായങ്ങളേയും കടന്ന് സ്റ്റീൽ, അലുമിനിയം, ഷിപ്പിങ്ങ്, ചില്ലറവിൽപ്പന ശൃംഖലാസ്ഥാപനങ്ങൾ മുതലായവയിലേക്കും വ്യാപിച്ചിരിക്കുന്നു.

1997-98 കാലത്ത് തകർച്ച നേരിട്ട കിഴക്കേഷ്യൻ രാജ്യങ്ങളെ അന്നത്തെ അമേരിക്കൻ വിദഗ്ധർ ഉപദേശിച്ചു: "നിങ്ങളീ പഴഞ്ചൻ നിയമങ്ങൾ മാറ്റിയാലേ രക്ഷപ്പെടൂ... ഞങ്ങളുടെ പുത്തൻ മുതലാളിത്തത്തിനു മുന്നിൽ നിങ്ങളുടെ തകർച്ച സ്വാഭാവികം". എന്നാൽ ഇന്ന്. കല്യാണസൗഗന്ധികത്തിലെ ഹനുമാന്റെ വരികൾ കടമെടുത്തുകൊണ്ട് നമുക്കു ചോദിക്കാം, അമേരിക്കയോട്...."ഞരിയുന്നതെന്തെടോ ഭീമാ.........ഗദയോ നമ്മുടെ (പഴയ)വാലോ?"